കവിത

# മഴയൊച്ചയും കാത്ത്

ശ്രീഹരി ആർ +1

വരണ്ട നദിക്കരയിൽ ഒരു വൃദ്ധൻ
നിലാവ് മുഖം നോക്കുന്ന
കണ്ണാടിക്കൂട്
അതിന്റെ നീരിനെ
ഊറ്റിക്കുടിച്ച പൊരിവെയിൽ
അരികിൽ ഇല കൊഴിയാനായ
കടമ്പുമരം
താഴെ തുരുമ്പിച്ച കമ്പിപോലെ
മുടിനരച്ച ജീവിതം.
കനൽച്ചൂടുതന്ന
കള്ളക്കാറ്റിന്റെ മുഖത്ത്
ഒറ്റുകാരന്റെ ചിരി
നീരുവറ്റിയ നദിയോരവും
ചോരവറ്റിയ കിളവനും
ചിതലരിക്കാനായിരിക്കുന്നു.
കടമ്പുമരത്തിൽ തലകീഴെ തൂങ്ങിയ
വക്കീൽ കോട്ടിട്ട വവ്വാലുകൾ
അയാളെ തുറിച്ചു നോക്കി
ബിൻലാദനെപ്പോലെ!
സന്തോഷത്തിന്റെ കുമിളകൾ
പൊട്ടിത്തകർന്നിരുന്നു,
ജീവിതത്തിന്റേയും
മണ്ണിനെ മണത്തറിഞ്ഞ്
ആദ്യത്തെ മഴത്തുള്ളി
മണ്ണിൽ ലയിക്കുമ്പോൾ
ഒരിറ്റു തെളിനീര്
നാവിനെ മുത്തമിടാൻ
ആ ജീവാത്മാവിന്റെ കൊതി

നീലയുടുപ്പണിഞ്ഞ്
നീളത്തിലൊഴുകാൻ,
കടലമ്മയെ വാരിപ്പുണരാൻ,
വരണ്ട നദിക്കും ഒരു കുഞ്ഞാശ
മഴയൊച്ച കാത്ത് മലർന്ന് കിടന്ന് നദി
ഈ വെയിലിൽ മഴ പെയ്യാൻ
കള്ളക്കുറുക്കന്റെ കല്ല്യാണപൂതി.
ദൂരെ നദിയുടെ കാൽത്തളഗീതം കാത്ത്
അവശജന്മം
ഇടയ്ക്കെത്തുന്ന ഒറ്റകാരൻ കാറ്റ്
ആത്മാവിനെ കൊണ്ടുപോയാൽ
ഞൊടിയിടയിൽ
മൃദദേഹത്തെ കൊത്തി വലിക്കാൻ
മാനത്ത് വട്ടമിടുന്ന
കഴുത്തു നീണ്ട കഴുകന്മാർ